**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2157** **14-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വൃക്കരോഗികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം നിലവിലുണ്ടോ; മുൻ വർഷങ്ങളെക്കാൾ കൂടുതൽ പേർ ഡയാലിസിസിന് വിധേയരാകുന്നുണ്ടോ; വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങൾക്ക് ആനുപാതികമായി വൃക്ക രോഗികളുടെ എണ്ണവും വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2020 - ൽ 43,740 രോഗികളും, 2021 - ൽ 91759 രോഗികളും, 2022 - ൽ 130633 രോഗികളും, 2023 - ൽ 193281 രോഗികളും ഡയാലിസിസിന് വിധേയരായിട്ടുണ്ട്. ആരോഗ്യവകുപ്പിന് കീഴിൽ മാത്രം സംസ്ഥാനത്ത് 105 ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ജില്ലാ ആശുപത്രികൾക്കും, താലൂക്ക് ആശുപത്രികൾക്കും പുറമേ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളും, കുടുംബാരോഗ്യ കേന്ദ്രങ്ങളും ഇതിൽ ഉൾപ്പെടുന്നു. രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സ്ലോട്ടുകൾ ലഭിക്കാതെ വരുന്ന പ്രശ്നം പരിഹരിക്കുന്നതിനായി കൂടുതൽ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകളിൽ ഷിഫ്റ്റുകൾ വർദ്ധിപ്പിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ഇത് കൂടാതെ വീടുകളിൽ വച്ച് തന്നെ ഡയാലിസിസ് ചെയ്യാനുള്ള സാഹചര്യം ഒരുക്കുന്നതിനായി പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി 14 ജില്ലകളിലും ആരംഭിച്ചു. നിലവിൽ 650 ഓളം രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. വൃക്കരോഗികളുടെ പ്രധാന ചികിത്സ മാർഗ്ഗമായ ഡയാലിസിസ് (Hemodialysis and peritoneal dialysis) എല്ലാ ജില്ലകളിലും വിവിധ കേന്ദ്രങ്ങളിലായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖാന്തിരം സൗജന്യമായി നൽകി വരുന്നുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഡയാലിസിസിന് വിധേയരാവുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനായി ഡയാലിസിസ് മെഷീൻ, വൃക്ക |

| | | | |
|---|---|---|---|
| | | | രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ലാബ് സംവിധാനങ്ങൾ, മറ്റ് പരിശോധന സംവിധാനങ്ങൾ എന്നിവയും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ